ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001**
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/1848/2025-I1 **തിയ്യതി: 29-03-2025**

ഹമീദ ജലീസ വി കെ
അസിസ്റ്റന്റ് ഡയറക്ടർ & ഇന്റേര്ണല് വിജിലന്സ് ഓഫീസര്
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

മാനേജർ
ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂളുകൾ, പുതുപരിയാരം
ഫോൺ നമ്പർ: 9447039225
ഇമെയിൽ: sctpkd@gmail.com

സർ,

വിഷയം : തസ്വഭവ - പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയം ആഭ്യന്തര വിജിലൻസ് വിഭാഗം - അദാലത്ത് ഉപജില്ലാ സമിതിയിൽ ലഭ്യമായ (Docket Number: BPPKD30832000015) ശബരി ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്കൂൾ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. അദാലത്ത് ഉപജില്ലാ സമിതിയിൽ താങ്കൾ സമർപ്പിച്ച പരാതി.

2. അദാലത്ത് ഉപജില്ലാ സമിതിയുടെ 17.03.2025ലെ തീരുമാനം.

*********************

മേല് വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേല് വിഷയം സംബന്ധിച്ച് സൂചന(1) പ്രകാരം ലഭ്യമായ അപേക്ഷ സൂചന (2) പ്രകാരം അദാലത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. താങ്കളുടെ ട്രസ്റ്റിന് കീഴിലുള്ള കാരക്കുറുശ്ശി, വെള്ളിനേഴി, കടമ്പഴിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്, ശബരി പി.ടി.ബി.എസ് ഹയർ സെക്കൻഡറി സ്കൂൾ, അടയ്ക്കാപുത്തൂർ, ശബരി സി.യു.പി.എസ്, പുലാപ്പറ്റ എന്നീ സ്കൂളുകളിലെ കെട്ടിടങ്ങൾ കാരക്കുറുശ്ശി, വെള്ളിനേഴി, കടമ്പഴിപ്പുറം

എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ക്രമവൽകരിക്കുന്നതിന് അംഗീകാരത്തിനായി കാത്തിരിക്കുകയാണ് എന്നും, ബഹുമാനപ്പെട്ട എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ സെക്രട്ടറിക്കും, പാലക്കാട് ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലും, അതത് പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്കും വിശദമായ അഭ്യർത്ഥന കത്തുകൾ സമർപ്പിച്ചിട്ടുണ്ട് എന്നും, ആയതിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ളതാണ് പരാതി.

ശബരി ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലുള്ള

- ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്
- ശബരി പി.ടി.ബി.എസ് ഹയർ സെക്കൻഡറി സ്കൂൾ, അടയ്ക്കാപുത്തൂർ
- ശബരി സി.യു.പി.എസ്, പുലാപ്പറ്റ

എന്നീ സ്ഥലങ്ങളിലെ പുതിയ സ്കൂൾ കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ശബരി ചാരിറ്റബിൾ ട്രസ്റ്റ് മാനേജ്മെന്റ് അദാലത്ത് ഉപജില്ലാ സമിതി പോർട്ടലിൽ പരാതി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരാതി സൂചന(2) പ്രകാരം അദാലത്ത് ഉപജില്ലാ സമിതി പരിശോധന നടത്തിയതിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

**1. ശബരി ഹയർ സെക്കണ്ടറി സ്കൂൾ, പള്ളിക്കുറുപ്പ്, കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്**

കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/03/2024ലെ A4/3792/2023 നമ്പർ കത്തിൽ കെട്ടിടത്തിലെ ന്യൂനതകൾ കാണിച്ചുകൊണ്ട് താങ്കൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. മേൽ കത്തിൽ സൂചിപ്പിച്ച ന്യൂനതകൾ KPBR 2019 ചട്ടം 5(4), ചട്ടം 26 ടേബിൾ 4 - exterior and Interior open spaces, ചട്ടം 26(6), ചട്ടം 28(1) ടേബിൾ 8 - access, ചട്ടം 30 ടേബിൾ 11 - approval from District Town Planner, ചട്ടം 34(3) - Sanitation facilities, ചട്ടം 42(2) - Lift for disabled, ചട്ടം 42(4)(b) - Toilet for disabled, ചട്ടം 76.2(3) - Rainwater harvesting arrangements, ചട്ടം 79(6) - In-situ liquid waste treatment plant എന്നിവയും, KER പ്രകാരം ക്ലാസ്സ് മുറിയുടെ ഉയരം 3.7 m വേണ്ടത് 3.6 m മാത്രമാണ് എന്നതാണ്.

ഒരു എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ മേൽ ന്യൂനതകളിൽ ഇളവു വേണമെന്നാണ് താങ്കൾ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടത് ഉൾപ്പടെ ചട്ടപ്രകാരം ആവശ്യമായ സൌകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ അപേക്ഷ പരിഗണനാനർഹമല്ല.

എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ KPBR 2019, ചട്ടം 3(4)(b) പ്രകാരം സർക്കാരിൽ നിന്നും ഇളവ് ആവശ്യപ്പെട്ട് താങ്കൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്.

**2. ശബരി എം.വി.റ്റി. സെൻട്രൽ യു.പി. സ്കൂൾ, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്**

ഒറ്റപ്പാലം താലൂക്കിൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ പുലാപെറ്റ ശബരി എം.വി.റ്റി. സെൻട്രൽ യു.പി. സ്കൂളിന് (എയിഡഡ്) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/03/2024 തീയതിയിലെ

400771/BABC06/GP0/2024/61(1) നമ്പർ കത്തിൽ കെട്ടിടത്തിലെ ന്യൂനതകൾ കാണിച്ചുകൊണ്ട് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. മേൽ കത്തിൽ സൂചിപ്പിച്ച ന്യൂനതകൾ കെട്ടിടത്തിന് പ്രത്യേക പരിഗണന ആവശ്യമായവർക്കുള്ള ലിഫ്റ്റ്, പ്രത്യേക പരിഗണന ആവശ്യമായവർക്കുള്ള റാമ്പിൻറെ കൈവരി (KPBR 2019, ചട്ടം 42) എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നതാണ്.

ഒരു എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ മേൽ ന്യൂനതകളിൽ ഇളവു വേണമെന്നാണ് താങ്കൾ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും, ചട്ടപ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആവശ്യമായ സൌകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ അപേക്ഷ പരിഗണനാനർഹമല്ല.

എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ KPBR 2019, ചട്ടം 3(4)(b) പ്രകാരം സർക്കാരിൽ നിന്നും ഇളവ് ആവശ്യപ്പെട്ട് താങ്കൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്.

**3. ശബരി പി.റ്റി.ബി. സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ, അടക്കാപുത്തൂർ, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്**

വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/07/2022ലെ A4-2395/2019 നമ്പർ കത്തിൽ കെട്ടിടത്തിലെ ന്യൂനതകൾ കാണിച്ചുകൊണ്ട് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. മേൽ കത്തിൽ സൂചിപ്പിച്ച ന്യൂനതകൾ KPBR 2011 ചട്ടം 55(a), ചട്ടം 6, ചട്ടം 7(11), ചട്ടം 27(10) - Exterior and interior open spaces, ചട്ടം 27 (11), 56(6) പട്ടിക 6 - sanitation requirements) , ചട്ടം 56(2) പട്ടിക 4 & 27(10) - സെറ്റ്ബാക്ക്, ചട്ടം 104(2) - lift for differently abled, ചട്ടം 104 - provisions for differently abled, ചട്ടം 56(4) - Fire NOC, ചട്ടം 102 - Rainwater harvesting arrangements, ചട്ടം 79(6) - in-situ liquid waste treatment plant എന്നിവയും, KER പ്രകാരം ക്ലാസ്സ് മുറിയുടെ അളവ് 6mx6mx3.6m ആണ് എന്നതാണ്.

ഒരു എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ മേൽ ന്യൂനതകളിൽ ഇളവു വേണമെന്നാണ് താങ്കൾ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടത് ഉൾപ്പടെ ചട്ടപ്രകാരം ആവശ്യമായ സൌകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ അപേക്ഷ പരിഗണനാനർഹമല്ല.

എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ KPBR 2019, ചട്ടം 3(4)(b) പ്രകാരം സർക്കാരിൽ നിന്നും ഇളവ് ആവശ്യപ്പെട്ട് താങ്കൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

**Signed by Hameeda Jaleesa V K**
**Date: 29-03-2025 13:24:11**

Hameeda Jaleesa V K
ASSISTANT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്